III/ഇ.ബി./XII-3-കേരള നിയമസഭ/III-2

# പന്ത്രണ്ടാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## **2006 ഡിസംബർ 28, വ്യാഴം**

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I അടിയന്തിരപ്രമേയനോട്ടീസ്

മുഖ്യമന്ത്രിയുടെ അറിവു കൂടാതെയും ക്യാബിനറ്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനത്തെ അഞ്ച് നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എ.ഡി.ബി.യിൽ നിന്ന് 1067 കോടി രൂപ വായ്പയെടുക്കുന്നതിന് തീരുമാനിക്കുകയും ഗവർണ്ണറുടെ ചുമതലപ്പെടുത്തലില്ലാതെ തുക വാങ്ങുന്നതിന് അദ്ദേഹത്തിനു വേണ്ടി ഡൽഹിയിൽ വച്ച് കരാർ ഒപ്പിടുകയും ചെയ്തത് ജനാധിപത്യ മര്യാദകൾക്കും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമെന്ന പരമപ്രധാന ജനാധിപത്യ തത്വങ്ങൾക്കും ഇത്തരം കാര്യങ്ങളിൽ പാലിക്കേണ്ട മര്യാദയ്ക്കും ചട്ടങ്ങൾക്കും വിരുദ്ധമാകയാലും രണ്ടു മന്ത്രിമാരുടെ ഇക്കാര്യത്തിലുള്ള നിലപാട് തിരുത്തേണ്ടതായി വരുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിലും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന അടിസ്ഥാനത്തിലും സംസ്ഥാനത്തെ ജനാധിപത്യ വിശ്വാസികളാകമാനം പരിഭ്രാന്തരായതിനെത്തുടർന്നു

ഉവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി മറ്റു സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. മാണിയും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 29–12–2006–ന് മറുപടി നൽകുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.

സഭാനടപടികൾ സുഗമമായി തുടരാൻ കഴിയാത്തതിനാൽ അൽപ നേരത്തേയ്ക്ക് സഭാനടപടികൾ നിറുത്തി വയ്ക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.

9.20–ന് നിറുത്തിവച്ച സഭ 11.10–ന് പുനരാരംഭിച്ചു.

II അടിയന്തിര പ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കാത്തതിനെ സംബന്ധിച്ച് മറ്റു സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി. വേണുഗോപാൽ നൽകിയ അടിയന്തിരപ്രമേയാവതരണത്തിന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ചില തോട്ടങ്ങളിലേയ്ക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലം തോട്ടം മേഖലയിലുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് ശ്രീമതി ഇ.എസ്. ബിജിമോൾ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഒരു വിഭാഗം ജീവനക്കാരുടെ പണിമുടക്ക് മൂലം വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിലുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്തംഭനാവസ്ഥയി ലേയ്ക്ക് ശ്രീ എം. മുരളി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2006 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സിവിൽ–വാല്യം 1) ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് മേശപ്പുറത്ത് വച്ചു.

V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും യുവജനക്ഷേമവും സ്പോർട്ട്സും തുറമുഖവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സഭ ഒരു ദിവസം കൂടി സമ്മേളിക്കണമെന്നാവശ്യപ്പെട്ട് റൂൾ 215 അനുസരിച്ച് ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഭേദഗതി 27–നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിക്കുകയും റിപ്പോർട്ട് സഭ അംഗീകരിക്കുകയും ചെയ്തു.

VII നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി ശ്രീ കെ.പി. രാജേന്ദ്രൻ അവതരിപ്പിക്കുകയും .ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

VIII ക്രമപ്രശ്നം

ഭരണഘടനാപരമായിട്ടുള്ള നടപടികൾ പാലിക്കപ്പെടാത്തതുകൊണ്ട് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയില്ലെന്നു കാണിച്ച് ശ്രീ. കെ.എം. മാണി ഉന്നയിച്ച ക്രമപ്രശ്നം റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി.

സർവ്വശ്രീ കെ.സി. ജോസഫ്, എം. മുരളി, അടൂർ പ്രകാശ്, കെ.കെ. ഷാജു, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ എം. പ്രകാശൻ മാസ്റ്ററും സംസാരിച്ചു. ശ്രീ. കെ.എം. മാണിയും ശ്രീ അൽഫോൺസ് കണ്ണന്താനവും ഭേദഗതികളെ പിന്താങ്ങി സംസാരിച്ചു. റവന്യൂ വകുപ്പുമന്ത്രി ചർച്ചകൾക്ക് മറുപടി പറഞ്ഞു. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

## IX അറിയിപ്പ്

നിയമസഭാ സാമാജികർക്കായി കൈരളി തീയേറ്ററിൽ 'പകൽ' എന്ന സിനിമ 28.12.2006-ന് രാത്രി 7.00 മണിക്ക് പ്രദർശിപ്പിക്കുന്നതാണെന്നും അംഗങ്ങൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

2006 ഡിസംബർ 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.43-ന് പിരിഞ്ഞു.